പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6606 — 04.04.2018- ൽ മറുപടിക്ക്

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടകുണ്ട് കടവ് റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുട്ടോത്ത്-അട്ടകുണ്ട് കടവ് റോഡ് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുട്ടോത്ത് - അട്ടകുണ്ട് കടവ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. |
| (ബി) പ്രസ്തുത പ്രവൃത്തിയെ ഏതു പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | പ്രസ്തുത പ്രവൃത്തി കിഫ്ബി 2017-18 പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) പദ്ധതിയുടെ ഭരണാനുമതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിക്ക് 10.07.2017-ലെ സ.ഉ (സാധാ) നം. 942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബി-യിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായാൽ ഭരണാനുമതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകും. |
| (ഡി) ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്; | (ഡി) | പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് റൂബി സോഫ്റ്റെക്ക് എന്ന കമ്പനിയാണ്. |
| (ഇ) നിർമ്മാണ പ്രവൃത്തി എന്നത്തേക്കാരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായാൽ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ